## മഞ്ചേരി മണ്ഡലത്തിലെ ഐ. എച്ച്. ആർ. ഡി. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി

133 [3023] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ മുതുമല്ലൂരിൽ ഐ. എച്ച്. ആർ. ഡി.-യുടെ ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പണി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ പണിക്കുള്ള എസ്റ്റിമേറ്റ് സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കി രണ്ട് ഘട്ടമായി പണി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. ആദ്യ ഘട്ടപ്പണിയുടെ എസ്റ്റിമേറ്റ് ഐ. എച്ച്. ആർ. ഡി. ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പണി ആരംഭിക്കുന്നതാണ്.

(സി ആന്റ് ഡി) ഈ സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സുകൾ മാത്രമേ ഇപ്പോൾ നടത്തുന്നുള്ളൂ. കെട്ടിടം പണി പൂർത്തിയാക്കി ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് സെക്കന്ററിതല കോഴ്സുകൂടി ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) ഐ. എച്ച്. ആർ. ഡി.-യുടെ ആഭിമുഖ്യത്തിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ സെക്കന്ററി തലത്തിലും ഹയർ സെക്കന്ററി തലത്തിലുമുള്ള കോഴ്സുകൾ മാത്രമേ നടത്തുന്നുള്ളൂ. എന്നാൽ വേണ്ടത്ര വിദ്യാർത്ഥികളെ ലഭിക്കുന്ന പക്ഷം ഐ. എച്ച്. ആർ. ഡി. നേരിട്ട് നടത്തുന്ന പി. ജി. ഡി. സി. എ./ഡി. സി. എ. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly